146/est/18

**ഭരണഭാഷ - മാതൃഭാഷ**

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-23249
email: celsgd@gmail.com
website: www.celsgd.com

ഡിബി1/7942/2010/സിഇ/എൽ.എസ്.ജി.ഡി

തീയതി 18/04/2018

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് – ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് അക്കൗണ്ട് തുടങ്ങുന്നത് – സംബന്ധിച്ച്

സൂചന:-
1. ഈ ഓഫീസിലെ 17/08/2017, 07/11/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
2. സർക്കാരിന്റെ 02/10/2017 ലെ 3186/2017/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്

*********

സംസ്ഥാനത്തെ തൃതല പഞ്ചായത്തുകളിലെ ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട് ഫീസുകളും മറ്റും ഒടുക്കുന്നതിന് അക്കൗണ്ട് തുടങ്ങുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ പല ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളും അക്കൗണ്ട് ആരംഭിച്ച്, ഇ-ടെണ്ടർ പോർട്ടലിൽ അക്കൗണ്ട് വിവരങ്ങൾ ചേർത്തിട്ടുള്ളതായി കാണുന്നില്ല. ടി അക്കൗണ്ട് വിവരങ്ങൾ ചേർക്കുന്നതിന് ലൈവ് ടെണ്ടർ ഇല്ലാത്ത സമയങ്ങളിൽ മാത്രമേ സാധ്യമാകുകയുള്ളൂ. സാമ്പത്തിക വർഷത്തിന്റെ ആരംഭ ഘട്ടമായതിനാൽ ടി സമയത്ത് അക്കൗണ്ട് വിവരങ്ങൾ ചേർക്കുന്നതിന് സൗകര്യപ്രദമാണ്. മേൽ സാഹചര്യത്തിൽ അക്കൗണ്ട് വിവരങ്ങൾ ഇ-ടെണ്ടർ പോർട്ടലിൽ ചേർക്കാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സൂചന (1) സർക്കുലറിലെ നിർദ്ദേശ പ്രകാരം അക്കൗണ്ട് വിവരങ്ങൾ അടിയന്തരമായി ഇ-ടെണ്ടർ പോർട്ടലിൽ ചേർക്കേണ്ടതാണ്.

ഇതിനോടകം ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്തിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും മേൽ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിച്ച് ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്: തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ മേധാവികൾക്കും

എൻ.പി/-

| ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്തിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | ജില്ല | സ്ഥാപനത്തിന്റെ പേര് |
| 1 | ആലപ്പുഴ | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 2 | കണ്ണൂർ | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് |
| 3 | കാസർഗോഡ് | പരപ്പ ബ്ലോക്ക് പഞ്ചായത്ത് |
| 4 | കൊല്ലം | ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് |
| 5 | കൊല്ലം | മുഖത്തല ബ്ലോക്ക് പഞ്ചായത്ത് |
| 6 | തിരുവനന്തപുരം | നേമം ബ്ലോക്ക് പഞ്ചായത്ത് |
| 7 | എറണാകുളം | മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് |
| 8 | പാലക്കാട് | ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് |
| 9 | പാലക്കാട് | ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് |
| 10 | തൃശ്ശൂർ | മതിലകം ബ്ലോക്ക് പഞ്ചായത്ത് |